"ഭരണഭാഷ- മാതൃഭാഷ"

## കേരള സർക്കാർ

## സംഗ്രഹം

പൊതുവിദ്യാഭ്യാസം - എയ്ഡഡ് - എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ എസ്.എൻ.ഡി.പി. ഹയർ സെക്കന്ററി സ്കൂളിലെ ശ്രീമതി. രേഷ്മ.പി.ആർ ന്റെ 15.07.2021 മുതലുള്ള എച്ച്.എസ്.ടി (നാച്ചറൽ സയൻസ്) തസ്തികയിലെ നിയമനാംഗീകാരം - മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

### പൊതുവിദ്യാഭ്യാസ (ഇ) വകുപ്പ്

സ.ഉ.(സാധാ) നം.8466/2025/GEDN തീയതി,തിരുവനന്തപുരം, 15-10-2025

---

പരാമർശം:-
1) മുവാറ്റുപുഴ എസ്.എൻ.ഡി.പി. ഹയർ സെക്കന്ററി സ്കൂൾ മാനേജർ 25.07.2025 തീയതി സമർപ്പിച്ച റിവിഷൻ ഹർജി
2) മുവാറ്റുപുഴ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 03.09.2025 ലെ ഡിഇഒ/2885/2025-ബി3 നമ്പർ കത്ത്.
3) എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 22.09.2025 ലെ ഡിഡിഇ/ഇകെഎം/6072/25/ബി1 നമ്പർ കത്ത്.
4) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 22.09.2025 ലെ ഇസി3/18294/2025/ഡിജിഇ. നമ്പർ കത്ത്.

## ഉത്തരവ്

എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ എസ്.എൻ.ഡി.പി. ഹയർ സെക്കന്ററി സ്കൂളിലെ ശ്രീമതി. രേഷ്മ.പി.ആർ ന്റെ 15.07.2021 മുതലുള്ള എച്ച്.എസ്.ടി (നാച്ചറൽ സയൻസ്) തസ്തികയിലെ നിയമനം അംഗീകരിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട്, ടി സ്കൂളിലെ മാനേജർ പരാമർശം (1) പ്രകാരം സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിവിഷൻ ഹർജി വിശദമായി പരിശോധിക്കുന്നതിനായി പരാതിക്കാരനെയും മറ്റു കക്ഷികളെയും നേരിൽ കേൾക്കുകയുണ്ടായി.

2. ഹർജിക്കാരുടെ വാദങ്ങൾ ചുവടെ പറയും പ്രകാരമാണ്:-

മൂവാറ്റുപുഴ എസ്.എൻ.ഡി.പി. ഹയർ സെക്കണ്ടറി സ്കൂളിൽ ശ്രീമതി രേഷ്മ.പി.ആർ നെ 15.07.2021 മുതൽ എച്ച്.എസ്.ടി. (നാച്ചുറൽ സയൻസ്) ആയി, ശ്രീമതി.ജയാമോൾ.കെ. യ്ക്ക് എച്ച്.എസ്.എസ്.ടി ആയി തസ്തികമാറ്റ നിയമനം നൽകിയതുമൂലമുണ്ടായ സ്ഥിരം ഒഴിവിലേക്ക് നിയമനം നൽകുകയുണ്ടായി. എന്നാൽ ശ്രീമതി. ജയാമോൾ.കെ. യുടെ നിയമനാംഗീകാരം ലഭിക്കാത്തതിനാൽ ഒഴിവ് വ്യവസ്ഥാപിതമായിട്ടില്ലെന്ന കാരണത്താൽ ടിയാളുടെ നിയമനം അംഗീകരിച്ചിട്ടില്ല. നിലവിൽ ശ്രീമതി.ജയാമോൾ.കെ യുടെ സ്ഥാനക്കയറ്റ നിയമനത്തിന് എറണാകുളം ആർ.ഡി.ഡി 19.12.2024 ലെ RDDHSE/EKM/1069/2024/A2 ഉത്തരവ് പ്രകാരം അംഗീകാരം നൽകുകയും എച്ച്.എസ്.ടി (എൻ.എസ്) തസ്തികയിലെ നിയമനത്തിന് ഒഴിവ്

വ്യവസ്ഥാപിതമായിട്ടുള്ളതുമാണ്. മാനേജർ ഭിന്നശേഷി നിയമനം നടത്തുന്നതിനായി കാറ്റഗറി-II ൽ ഒരു എച്ച്.എസ്.ടി. (പി.എസ്) ഒഴിവ് വിട്ടു നൽകിയിട്ടുള്ളതും, സ്പെഷ്യൽ എംപ്ലോയ്മെന്റ് ഓഫീസിൽ റിക്വിസിഷൻ നൽകിയിട്ടുള്ളതും, കൂടാതെ സമന്വയയിലും വിവരം അപ്ലോഡ് ചെയ്തിട്ടുള്ളതുമാണ്. 12.01.2010 ലെ സ.ഉ.(പി)നം.10/10/പൊ.വി.വ ഉത്തരവിലെ നിബന്ധന പാലിക്കുന്നത് സംബന്ധിച്ച് ഉന്നയിച്ച തടസ്സത്തിന് ഇപ്പോൾ നിലനിൽപ്പില്ല. കൂടാതെ 06.02.2021 ലെ സ.ഉ.(പി)നം.4/2021/പൊവിവ. ഉത്തരവിലൂടെ അനുവദിച്ചിട്ടുള്ള ഇളവ്, 23.01.2023 ലെ സ.ഉ.(പി)നം.02/2023/പൊ.വി.വ പ്രകാരം വരും വർഷങ്ങളിലും നിലനിൽക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നിരുന്നാലും പ്രസ്തുത വിഷയത്തിൽ ബഹു സുപ്രീം കോടതിയിൽ നിലനിൽക്കുന്ന കേസിന്റെ അന്തിമവിധിയ്ക്ക് വിധേയമായി മാനേജ്മെന്റും തുടർനടപടി സ്വീകരിക്കുന്നതാണ്. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിലും സർക്കാർ കത്ത് നം.ജെ.ആർ1/502/2023/പൊ.വി.വ. തീയതി 24.01.2024 അനുവദിക്കുന്ന രീതിയിലും, ശ്രീമതി രേഷ്മ.പി.ആർ ന്റെ 15.07.2021 മുതലുള്ള എച്ച്.എസ്.ടി (നാച്ചുറൽ സയൻസ്) തസ്തികയിലെ നിയമനം അംഗീകരിച്ച് നൽകുന്നതിന് മൂവാറ്റുപുഴ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദേശം നൽകി ഉത്തരവാകണം.

3. വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകൾ പ്രകാരം, മൂവാറ്റുപുഴ എസ്.എൻ.ഡി.പി. എച്ച്.എസ്.എസ് ലെ എച്ച്.എസ്.ടി (നാച്ചുറൽ സയൻസ്) ശ്രീമതി ജയമോൾ കെ യ്ക്ക് എച്ച്.എസ്.എസ്.ടി (സുവോളജി) ആയി സ്ഥാനക്കയറ്റം നൽകിയത് വഴി ലഭ്യമായ ഒഴിവിൽ ശ്രീമതി രേഷ്മ പി.ആർ നെ 15.7.2021 മുതൽ എച്ച്.എസ്.ടി (നാച്ചുറൽ സയൻസ്) തസ്തികയിൽ നിയമിച്ചു. പ്രൊമോട്ടിയുടെ നിയമനം അംഗീകരിച്ച ഉത്തരവ് സമർപ്പിച്ചിട്ടില്ല, സ.ഉ(പി) 29/2016/പൊ.വി.വ തീയതി 29.01.2016 പ്രകാരമുള്ള സത്യപ്രസ്താവന സമർപ്പിച്ചില്ല, പുനർവിന്യസിക്കപ്പെട്ട അധ്യാപകരുടെ ലിസ്റ്റ് സമർപ്പിച്ചിട്ടില്ല, സ.ഉ(പി) നം.10/10/പൊ.വി.വ തീയതി 12.01.2010 പ്രകാരം ഭാവിയിൽ ഉണ്ടാകുന്ന ഒഴിവിൽ സംരക്ഷിത അധ്യാപകനെ നിയമിക്കണമെന്ന വ്യവസ്ഥയിൽ നിയമനം അംഗീകരിച്ചു നൽകിയിട്ടുണ്ടെങ്കിലും ടി വ്യവസ്ഥ മാനേജർ പാലിച്ചിട്ടില്ല എന്നീ കാരണങ്ങളാൽ ശ്രീമതി.രേഷ്മ പി.ആർ ന്റെ നിയമനം മൂവാറ്റുപുഴ ജില്ലാ വിദ്യാഭ്യാസ ആഫീസറും വിദ്യാഭ്യാസ ഉപഡയറക്ടറും പൊതുവിദ്യാഭ്യാസ ഡയറക്ടറും നിരസിക്കുകയുണ്ടായി.
നിലവിൽ ശ്രീമതി ജയമോൾ കെ യുടെ എച്ച്.എസ്.എസ്.ടി തസ്തികയിലെ നിയമനം അംഗീകരിച്ചിട്ടുള്ളതിനാൽ ഒഴിവ് വ്യവസ്ഥാപിതമാണ്. മൂവാറ്റുപുഴ എസ്.എൻ.ഡി.പി.എച്ച്.എസ്.എസ് ൽ അംഗീകരിച്ച റോസ്റ്റർ പ്രകാരം കാറ്റഗറി-II ൽ 2 തസ്തിക ഭിന്നശേഷി സംവരണത്തിനായി മാറ്റിവയ്ക്കേണ്ടതായിട്ടുണ്ട്. നിലവിൽ 2022-23 വർഷത്തിൽ അധിക തസ്തിക അനുവദിച്ചതിനെ തുടർന്നുണ്ടായ ഒഴിവാണ് (HST-PS) മാനേജർ ഭിന്നശേഷി സംവരണത്തിനായി വിട്ടുനൽകിയിട്ടുള്ളത്. ആയത് സമന്വയ മുഖേന സമർപ്പിച്ചിട്ടുള്ളതും ജില്ലാതല കമ്മിറ്റിയുടെ പരിഗണനയിലുമാണ്. 12.01.2010 ലെ സ.ഉ.(പി)10/2010/പൊ.വി.വ, 06.02.2021 ലെ സ.ഉ.(പി) നം.4/21/പൊ.വി.വ എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ബോണ്ട് സമർപ്പിച്ച് നിയമനാംഗീകാരം ലഭിച്ച നിയമനങ്ങളുടെ സമാന എണ്ണം സംരക്ഷിതാധ്യാപകരെ സുപ്രീം കോടതിയിൽ നിലനിൽക്കുന്ന കേസിന്റെ വിധിക്ക് വിധേയമായി ഭാവിയിൽ നിയമിക്കേണ്ടതുണ്ടെന്ന വ്യവസ്ഥയിൽ അംഗീകാരം നൽകാമെങ്കിലും, ടി നിയമനം ഭിന്നശേഷി സംവരണത്തിന്റെ പരിധിയിൽ വരുന്നതിനാൽ റോസ്റ്റർ പ്രകാരം കാറ്റഗറി 2 ൽ ഭിന്നശേഷി സംവരണം പൂർത്തീകരിക്കുവാൻ വേണ്ട രണ്ടാമത്തെ തസ്തിക വിട്ട് നൽകിയതായി മാനേജർ

അറിയിച്ചിട്ടില്ലാത്തതിനാലും, പരാതിക്കാരിയെ നിയമിച്ചിട്ടുള്ള ആദ്യ സ്ഥിരം തസ്തിക ഭിന്നശേഷി നിയമനത്തിന് വിട്ടുനൽകേണ്ടതാണ്. പ്രൊമോട്ടിയുടെ നിയമനം അംഗീകരിച്ച് ഒഴിവ് വ്യവസ്ഥാപിതമായിട്ടുള്ള സാഹചര്യത്തിൽ, മൂവാറ്റുപുഴ എസ്.എൻ.ഡി.പി. ഹയർ സെക്കന്ററി സ്കൂളിലെ ശ്രീമതി രേഷ്മ പി.ആർ ന്റെ 15.07.2021 മുതലുള്ള എച്ച്.എസ്.ടി (നാച്ചുറൽ സയൻസ്) തസ്തികയിലെ നിയമനം, ഭിന്നശേഷി സംവരണ നിയമങ്ങൾക്ക് വിധേയമായി മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിൽ പരിഗണിക്കാവുന്നതാണ്.

4. ഹിയറിംഗിൽ ഉയർന്ന വാദഗതികളുടേയും ലഭ്യമായ റിപ്പോർട്ടുകളുടേയും നിലവിലുള്ള ചട്ടങ്ങളുടേയും ഉത്തരവുകളുടേയും അടിസ്ഥാനത്തിൽ ഹർജിക്കാരന്റെ ആവശ്യം സർക്കാർ വിശദമായി പരിശോധിച്ചു. ശ്രീമതി ജയമോൾ കെ യുടെ എച്ച്.എസ്.എസ്.ടി തസ്തികയിലെ നിയമനം അംഗീകരിച്ചിട്ടുള്ളതിനാൽ ഒഴിവ് വ്യവസ്ഥാപിതമാണ്. 12.01.2010 ലെ സ.ഉ.(പി)10/2010/പൊ.വി.വ, 06.02.2021 ലെ സ.ഉ.(പി) നം.4/21/പൊ.വി.വ എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ബോണ്ട് സമർപ്പിച്ച് നിയമനാംഗീകാരം ലഭിച്ച നിയമനങ്ങളുടെ സമാന എണ്ണം സംരക്ഷിതാധ്യാപകരെ സുപ്രീംകോടതിയിൽ നിലനിൽക്കുന്ന കേസിലെ വിധിക്ക് വിധേയമായി നിയമിച്ചാൽ മതിയാകും. ഈ സാഹചര്യത്തിൽ, മൂവാറ്റുപുഴ എസ്.എൻ.ഡി.പി. ഹയർ സെക്കന്ററി സ്കൂളിലെ എച്ച്.എസ്.ടി (നാച്ചുറൽ സയൻസ്) തസ്തികയിലെ ശ്രീമതി രേഷ്മ പി.ആർ ന്റെ 15.07.2021 മുതലുള്ള നിയമനം മറ്റെല്ലാ വിധത്തിലും ക്രമപ്രകാരമെങ്കിൽ, ഭിന്നശേഷി സംവരണ വ്യവസ്ഥകൾക്ക് വിധേയമായി ശമ്പള സ്കെയിലിൽ താല്ക്കാലികമായി അംഗീകരിക്കുന്നതിന് മൂവാറ്റുപുഴ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി പരാമർശം (1) റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ANIL KUMAR D
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, എറണാകുളം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മുവാറ്റുപുഴ
മാനേജർ, എസ്. എൻ.ഡി.പി. ഹയർ സെക്കന്ററി സ്കൂൾ, മുവാറ്റുപുഴ, എറണാകുളം
ശ്രീമതി രേഷ്മ പി.ആർ., എച്ച്.എസ്.ടി. (നാച്ചുറൽ സയൻസ്), എസ്. എൻ.ഡി.പി. ഹയർ സെക്കന്ററി സ്കൂൾ, മുവാറ്റുപുഴ, എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
നോഡൽ ഓഫീസർ, കൈറ്റ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Shajahan. S
Date: 15-10-2025 16:28:33

സെക്ഷൻ ഓഫീസർ